

# ഗവേഷണങ്ങളുടെ ഉത്തരംതേടി ആയുർവേദത്തിലേക്ക്

**ഡോ. അന്റോണിയോ മൊറാന്റി എന്ന  ന്യൂറോ സയിന്റിസ്റ്റ് ആയുർവ്വേദത്തിനെയും, ഭാരതത്തെയും അഗാധമായി സ്നേഹിക്കുന്നു. ഇറ്റലിയിൽ സ്വന്തമായി ആയുർവ്വേദ ചികിത്സാലയവും, വിദ്യാലയവും നടത്തുന്നു. വായനക്കാരെപ്പോലെ എന്തു കൊണ്ടാണിത് സംഭവിച്ചത് എന്ന ചോദ്യത്തിന് ഉത്തരമേകുന്നു ഡോ. അന്റോണിയോ മൊറാന്റി ഡോ. ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ എഴുത്തിലൂടെ......**

**കേരളത്തിന്റെ അഷ്ടവൈദ്യ പാരമ്പര്യമടക്കമുള്ള പാരമ്പര്യ സിദ്ധികളെയും ശ്രേഷ്ഠമായ ഔഷധസമ്പത്തിനേയും ആയുർവേദത്തിന്റെ അറിവുകളേയും കൂട്ടിയോജിപ്പിക്കാൻ കഴിഞ്ഞതാണ് കേരളത്തിലെ ആയുർവേദ വളർച്ചക്ക് ആധാരമായിട്ടുള്ളത്**



ലേഖകനോടൊപ്പം

**? *എന്തുകൊണ്ടാണ് അലോപ്പതി ഡോക്ടറായ അങ്ങ് ആയുർവേദമെന്ന വൈദ്യശാസ്ത്രത്തെ അറിയുവാൻ ശ്രമിച്ചത്***

● ന്യൂറോളജിയിൽ സ്പെഷലിസ്റ്റ് ക്ലിനിക്കൽ ഗവേഷണത്തിൽ അതീവ തൽപ്പരനായിരുന്നു ഞാൻ. മുപ്പതു വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിലെ കേസ് വെസ്റ്റേൺ റിസർവ് യൂണിവേഴ്സിറ്റിയിൽ ന്യൂറോ സയിന്റിസ്റ്റ് ആയി ജോലി ചെയ്യുകയാണ്. ഒപ്പം അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗങ്ങളുടെ ഗവേഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഗവേഷണ സമയത്ത് മനസ്സിനെയും, അതിന്റെ താളപ്പിഴവുകളെ കുറിച്ചും, ശരീരത്തിന് ജരാനരകൾ ബാധിക്കുന്നതിനെകുറിച്ചുമൊക്കെ മനസ്സിലാക്കുവാൻ അതീവ തല്പരനായിരുന്നു. മേൽപ്പറഞ്ഞവിഷയങ്ങൾ എല്ലാം തന്നെ പരസ്പര ബന്ധമുണ്ടെങ്കിലും ആധുനിക വൈദ്യശാസ്ത്രം ഇതിനെപ്രത്യേകം പ്രത്യേകമായാണ് പഠനവിധേയമാക്കുന്നത്. അതിനാൽ തന്നെ ആധുനിക വൈദ്യശാസ്ത്രം വ്യത്യസ്തമായി കണ്ടിരുന്ന ഈ വിഷയങ്ങളെ ഏകോപിപ്പിച്ച് പഠിക്കുന്ന ഒരു വിജ്ഞാനശാഖ യെ അന്വേഷിക്കാൻ ആരംഭിച്ചു. അവസാനം ആയുർവേദത്തിന്റെ വഴിയിൽ എത്തുകയായിരുന്നു.

**? *ഭാരതീയ ദർശനങ്ങളെ അടിസ്ഥനമാക്കിയുള്ള ആയുർവേദത്തെ പഠിക്കുക ബുദ്ധിമുട്ടേറിയതായിരുന്നോ ....***


● ഒരിക്കലുമല്ല...... ആയുർവേദം പഠിക്കാൻ തുടങ്ങിയ കാലം മുതൽ തന്നെ എന്റെ മുന്നിൽ ചോദ്യ ചിഹ്നമായി നിന്നിരുന്ന പലതിനും ഉത്തരങ്ങൾ തെളിഞ്ഞുവരികയായിരുന്നു. പ്രകൃതിയേയും മനുഷ്യനെയും കുറിച്ചുമുള്ള പുതിയൊരു കാഴ്ചപ്പാട് തന്നെ ഉണ്ടാക്കാൻ ഇത് സഹായിച്ചു.

ഭരതീയ ദർശനങ്ങൾ എന്നാൽ കേവലം ഭാരതത്തിന്റെ മാത്രം കാഴ്ചയല്ല. പ്രകൃതിയേയും മനുഷ്യനേയും ബന്ധിപ്പിക്കുന്ന ഒരു വിജ്ഞാനകോശമാണ് എന്നു വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

**? *ആയുർവേദ ചികിത്സകൾ ഔഷധസസ്യങ്ങളുമായി ബപ്പെട്ടതാണ് . ഇത്തരം സസ്യങ്ങൾ അങ്ങയുടെ കർമ്മമണ്ഡലമായ ഇറ്റലിയിൽ ലഭ്യമാണോ.....അല്ലെങ്കിൽ എങ്ങിനെയാണ് അവിടെ ആയുർവേദ ചികിത്സ പ്രായോഗികമായി നടത്തപ്പെടുന്നത്.....***

● ഇറ്റാലിയൻ ഫെഡറേഷൻ ഓഫ് മെഡിക്കൽ ബോർഡ് ആയുർവേദത്തെ മെഡിക്കൽ നിയമത്തിനുള്ളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തന്നെ അ ലോപ്പതി ഡോക്ടറായ എനിക്ക് കൃത്യമായ പഠനങ്ങൾക്ക് ശേഷം ആയുർവേദം പ്രാക്ടീസ് ചെയ്യുന്നതിന് തടസ്സമില്ല. ഇത്തരം ഘട്ടങ്ങളിൽ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ആയുർവേദ ഔഷധങ്ങൾ ഞങ്ങളുടെ പ്രാക്ടീസിൽ ഉൾപ്പെടുത്താറുണ്ട്. അതു കൂടാതെ ഞങ്ങളുടെ രാജ്യത്ത് തന്നെയുള്ള സസ്യ സമ്പത്തിനെ ആയുർവേദ രീതിയിൽ പഠിച്ചുകൊണ്ട് അത് ഔഷധമായി ഉപയോഗിക്കുന്ന രീതിയും ഇപ്പോൾ വളർന്നു വരുന്നുണ്ട്. ഇറ്റലിയിലെ പാരമ്പര്യ ഔഷധശാസ്ത്രം ആയുർവേദത്തിന്റെ ദ്രവ്യഗുണശാസ്ത്രം (സസ്യശാസ്ത്രം) പഠനവുമായി ഏറെ ബന്ധപ്പെട്ടതായി കാണുവാൻ കഴിഞ്ഞിട്ടുണ്ട്. 'തൃഫല' പോലുള്ള ഭാരതത്തിന്റെ ഔഷധപ്രയോഗങ്ങളുടെ അറിവുകൾ നൂറ്റാണ്ടുകൾക്ക് മുമ്പെ തന്നെ ഇറ്റലിയിലേക്ക് പറിച്ച് നടത്തപ്പെട്ടിട്ടുണ്ടെന്നുള്ളതും ഏറെ ശ്രദ്ധേയമാണ്. എന്നാൽ ചില രസൗഷധങ്ങൾ പോലുള്ള ഔഷധങ്ങൾക്ക് ഉപയോഗിക്കുന്നതിന് ചില തടസ്സങ്ങൾ ഇവിടെയുണ്ട്. ചികിത്സക്കായി തൈലങ്ങൾ, ചൂർണ്ണങ്ങൾ എന്നിവയുടെ പ്രയോഗങ്ങളാണ് കൂടുതലായും ഉപയോഗിച്ചു കൊണ്ട് വരുന്നത്.

**ഭാരതീയ ദർശനങ്ങൾ എന്നാൽ കേവലം ഭാരതത്തിന്റെ മാത്രം കാഴ്ചപ്പാടല്ല. പ്രകൃതിയേയും മനുഷ്യനേയും ബന്ധിപ്പിക്കുന്ന ഒരു വിജ്ഞാനകോശമാണ്**



**ആയുർവേദം പഠിക്കാൻ തുടങ്ങിയ കാലം മുതൽ തന്നെ എന്റെ മുന്നിൽ ചോദ്യചിഹ്നമായി നിന്നിരുന്ന പലതിനും ഉത്തരങ്ങൾ തെളിഞ്ഞുവരികയായിരുന്നു. പ്രകൃതിയേയും മനുഷ്യനെയും കുറിച്ചുമുള്ള പുതിയൊരു കാഴ്ചപ്പാട് തന്നെ സൃഷ്ടിച്ചു**

**? *അങ്ങയുടെ സ്ഥാപനമായ ആയുർവേദിക് പോയന്റ്” ഇറ്റലിയുടെ പ്രവർത്തനങ്ങൾ......***

● 2001 ൽ ഞാനും എന്റെ സുഹൃത്ത് കാർമൻ ടോസ്റ്റേയുമായി ചേർന്നാണ് ആയുർവേദിക് പോയ്ന്റ് സ്ഥാപിക്കുന്നത്. ഇതിന്റെ പ്രധാനലക്ഷ്യം ആയുർവേദ ചികിത്സയുടെ പ്രചാരണവും വികസനവുമായിരുന്നു. അതിനാൽ തന്നെ ഞങ്ങൾ ആയുർവേദ പഠനത്തിന് പ്രാധാന്യം നൽകി ഒരു ആയുർവേദ സ്കൂളും സ്ഥാപിക്കാനിടയായി. ഗവേഷണ വിഭാഗവും പ്രത്യേകമായി തുടങ്ങി. 2007–ൽ സർക്കാരിൽ നിന്നും ആയുർവേദ പഠനത്തിന്റെ ഗുണമേന്മക്കുള്ള അംഗീകാരം ഞങ്ങൾക്ക് ലഭിച്ചു. ലോകാരോഗ്യ സംഘടനയുടെ ആയുർവേദ പഠനത്തിന് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡോക്ടർമാർക്ക് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സും, മറ്റുള്ളവർക്ക് തെറാപ്പിസ്റ്റ് കോഴ്സായും പഠനം നൽകി വരുന്നു. നാല് വർഷം കാലയളവുള്ള കോഴ്സിൽ പ്രായോഗിക പരിശീലനത്തിനായി തൃശ്ശൂർ ജില്ലയി ലെ എസ്.എൻ.എ ഔഷധശാലയുമായി ചേർത്ത് പരിശീലനപരിപാടികൾ നടത്താറുണ്ട്. ഇത് വഴി കേരളത്തിലെ പാരമ്പര്യ, ആയുർവേദ ചികിത്സാരീതികളെ കുറിച്ച് മനസ്സിലാക്കുവാനും സാധിക്കുന്നു. കൂടാതെ നിരന്തരമായ ശാസ്ത്ര സെമിനാറുകളും ഞങ്ങളുടെ സ്ഥാപനം നടത്തുന്നു. ആയുർവേദിക് പോയ്ന്റ് ആയുർവേദമെന്ന ഭാരതീയ പാരമ്പര്യ ശാസ്ത്രത്തെയും ആധുനിക വൈദ്യശാസ്ത്രത്തെയും സംയോജിപ്പിച്ച് രോഗികൾക്ക് ഫലപ്രദമായി രീതിയിൽ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിലാണ് .അതിനായി സ്ഥിരമായ ഒ.പി ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആയുർവേദത്തിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഇറ്റാലിയൻ ഇന്റർ നാഷണൽ അക്കാഡമിയുമായി ചേർന്ന് നേതൃത്വം നൽകി വരുന്നു.




**ആധുനിക വൈദ്യശാസ്ത്രം വ്യത്യസ്തമായി കണ്ടിരുന്ന വിഷയങ്ങളെ ഏകോപിപ്പിച്ച് പഠിക്കുന്ന ഒരു വിജ്ഞാന ശാഖ യെ അന്വേഷിക്കാൻ ആരംഭിച്ചു. അവസാനം ആയുർവേദത്തിന്റെ വഴിയിൽ എത്തുകയായിരുന്നു**

**? *ഇറ്റാലിയൻ ഗവൺമെന്റിന്റെ ആയുർവേദശാസ്ത്രത്തോടുള്ള സമീപനം......***

● ഞാൻ മുൻപ് വ്യക്തമാക്കിയതു പോലെ ആയുർവേദത്തെ ഞങ്ങളുടെ ആരോഗ്യ നിയമത്തിനുള്ളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു തനതായ പാരമ്പര്യ വൈദ്യശാസ്ത്രത്തേയും പൂർണ്ണമായ മെഡിക്കൽ സമ്പ്രദായവുമായി ഇറ്റാലിയൻ സർക്കാർ അംഗീകരിച്ചിട്ടില്ല. എന്നിരുന്നാലും ആയുർവേദ പഠനത്തിനായി ഇതര വൈദ്യ ശാസ്ത്രലോകം താത്പര്യപ്പെടുന്നതായി കാണാൻ കഴിയുന്നുണ്ട്. ഉദാഹരണമായി ഞങ്ങൾ ഈ അടുത്തായി യൂണിവേഴ്സിറ്റി ഓഫ് മിലാനിലെ ന്യൂറോളജി, ക്ലിനിക്കൽ സൈക്കോളജി തുടങ്ങിയ വിഭാഗവുമായി ചേർന്ന് ഡ്യൂഷൻ മസ്കുലർ ഡിസ്ടോഫി എന്ന അസുഖത്തെക്കുറിച്ച് പഠനം നടത്തുവാൻ അരംഭിച്ചിട്ടുണ്ട്. അവിടെയുള്ള വൈദ്യ വിദ്യർത്ഥികൾക്ക് ആയുർവേദം എന്ന വിഷയത്തെ കുറിച്ച് ക്ലാസെടുക്കുന്നുമുണ്ട്. ചുരുക്കി പറഞ്ഞാൽ ആയുർവേദമെന്ന വൈദ്യശാസ്ത്രം ഇറ്റലിയിൽ വളർന്നു വരികയാണ്...

**? *അങ്ങയുടെ അനുഭവത്തിൽ മറ്റ് വൈദ്യശാസ്ത്രങ്ങളിൽ നിന്ന് ആയുർവേദം എങ്ങനെവേറിട്ട് നിൽക്കുന്നു.......***

● ഇതര വൈദ്യശാസ്ത്രങ്ങളെ അപേക്ഷിച്ച് ആയുർവേദത്തിന് പ്രകൃതിയോടും, മനുഷ്യനോടു




മുള്ള കാഴ്ചപ്പാടുകൾ തന്നെ വ്യത്യസ്തമാണ് . ഒരു ജീവൻ എന്നു പറയുന്നത് ബന്ധങ്ങളുടെ ഒരു തുടർച്ചയായാണ് ആയുർവേദം കണക്കാക്കുന്നത്. അക്കാരണത്താൽ ആരോഗ്യത്തേയും ,രോഗാവസ്ഥകളേയുംകുറിച്ചുള്ള ബന്ധങ്ങളെ കീറിമുറിച്ചും മനസ്സ്, ശരീരം എന്നിവയുടെ ചികിത്സയിലുള്ള സ്വാധീനങ്ങളെ കുറിച്ചും ആയുർവേദം ഗഹനമായി പഠിച്ചിട്ടുണ്ട്. മറ്റൊരു പ്രത്യേകത ആധുനിക വൈദ്യശാസ്ത്രം ഒരോ നിമിഷവും പ്രകൃതിയുടെ സൂക്ഷ്മ തലങ്ങളിലേക്ക് ഇറങ്ങി ച്ചെന്ന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ആയുർവേദ വിജ്ഞാന ശാഖ ......പരമമായ സൂക്ഷമതലത്തിൽ നിന്ന് ,പ്രകൃതിയെ തിരിച്ച് നോക്കിക്കാണുവാൻ പഠിപ്പിക്കുന്നു എന്നുള്ളതായാണ് വിലയിരുത്താനാവുക. എല്ലാ ശാസ്ത്ര ശാഖകളും ഓരോ വിഷയത്തെ തന്നെ വ്യത്യസ്ത തലങ്ങളിലൂടെ നിരീക്ഷിക്കുന്നു എന്ന് മാത്രം. ഈ ശാസ്ത്ര ശാഖകളെ യഥാർത്ഥ തലത്തിൽ ബന്ധിപ്പിക്കുവാൻ കഴിഞ്ഞാൽ അത് മാനവീകതക്ക് നൽകുന്ന മഹത്തായ സംഭാവന വലുതായിരിക്കും.

**ഇന്ന് എനിക്ക് ഏറ്റവും ആത്മ ബന്ധമുള്ളത് ആയുർവേദത്തോടാണ്.
ആയുർവേദത്തിലൂടെ എന്റെ പിന്തുടർച്ച നിലനിർത്താനാണ് ആഗ്രഹിക്കുന്നത്.**

**? *കേരളത്തിന്റെ ആയുർവേദ പാരമ്പര്യം......***

മഹത്തായ ഒരു ആയുർവേദ പാരമ്പര്യം കേരളത്തിനുണ്ട്. കേരളത്തിന്റെ അഷ്ടവൈദ്യപാരമ്പര്യമടക്കമുള്ള പാരമ്പര്യസിദ്ധികളെയും ശ്രേഷ്ഠമായ ഔഷധസമ്പത്തിനേയും ആയുർവേദത്തിന്റെ അറിവുകളേയും കൂട്ടിയോജിപ്പിക്കാൻ കഴിഞ്ഞതാണ് കേരളത്തിലെ ആയുർവേദ വളർച്ചക്ക് ആധാരമായിട്ടുള്ളത്. പാരമ്പര്യസിദ്ധമായ ഇത്തരം അറിവുകളെ അടിസ്ഥാനതത്വങ്ങൾക്ക് മൂല്യച്യുതിവരാതെ ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് പ്രത്യേകം പ്രത്യേകം രൂപപ്പെടുത്തുകയാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ശ്രേഷ്ഠമായ ഈ പാരമ്പര്യസിദ്ധമായ അനുഭവങ്ങൾ ഏവരും പഠനവിധേയമാക്കേണ്ടതാണ്.

**? *കേരളത്തിന്റെ തനതായ നേത്രചികിത്സ, വിഷചികിത്സ, മർമ്മ ചികിത്സ, ബാല ചികിത്സ, തുടങ്ങിയ ചികിത്സമേഖലകളെ പഠനവിഷയമാക്കുന്നുണ്ടോ....***

തീർച്ചയായും, അതിന്റെ പാരമ്പര്യരീതികൾക്ക് ചോർച്ച വരാതെ ഞങ്ങളുടെ രാജ്യത്തിന്റെ വ്യത്യസ്തമായ സാഹചര്യത്തിൽ എങ്ങനെപ്രായോഗികമായി ഉപയോഗപ്പെടുത്താം എന്നുള്ളതാണ് പഠിക്കുകയും .പഠിപ്പിക്കുകയും ചെയ്യുന്നത്.

**ആരോഗ്യത്തേയും ,രോഗാവസ്ഥകളേയുംകുറിച്ചുള്ള ബന്ധങ്ങളെ കീറിമുറിച്ചും മനസ്സ്, ശരീരം എന്നിവയുടെ ചികിത്സയിലുള്ള സ്വാധീനങ്ങളെ കുറിച്ചും ആയുർവേദം ഗഹനമായി പഠിച്ചിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്രം ഒരോ നിമിഷവും പ്രകൃതിയുടെ സൂക്ഷ്മ തലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ആയുർവേദംപരമമായ സൂക്ഷമതലത്തിൽ നിന്ന്, പ്രകൃതിയെ തിരിച്ച് നോക്കിക്കാണുവാൻ പഠിപ്പിക്കുന്നു**



**? *കുടുംബത്തെക്കുറിച്ച്....***

ഇറ്റലിയിൽ പന്തുടർച്ചാവകാശത്തോടു കൂടിയുള്ള കുടുംബ പരമ്പരകൾ വളരെ വിരളമാണ്. ഇന്ന് എനിക്ക് ഏറ്റവും ആത്മ ബന്ധമുള്ളത് ആയുർവേദത്തോടാണ്. ഞാൻ ഇന്ത്യയിലേക്ക് വരുമ്പോൾ എന്റെ വീട്ടിലേക്ക് വരുന്നത് പോലെയാണ്. ആയുർവേദത്തിലൂടെ എന്റെ പിന്തടർച്ച നിലനിർത്താനാണ് ആഗ്രഹിക്കുന്നത്.

**? *ഭാവിയിലെ ലോകാരോഗ്യഭൂപടത്തിൽ ആയുർവേദത്തിന്റെ സ്ഥാനം എന്തായിരിക്കും....***

ഭാവിയിൽ ആയുർവേദം എന്ന ശാസ്ത്രശാഖ, ഇതര വൈദ്യശാസ്ത്രത്തിന്റെ ഒരു പൊതു ഇടമായി മാറും എന്നതിന് യാതൊരു സംശയവുമില്ല. കാരണം ഇത്രയേറെ പ്രകൃതിയിലേക്ക് ഇറങ്ങി ചെന്ന ഒരു ശാസ്ത്രശാഖ വേറെയില്ല എന്നതു തന്നെ . ഇന്ന് വളർന്ന് വരുന്ന ക്വാണ്ടം ഫിസിക്സിന്റെയൊക്കെ മൗലിക സിദ്ധാന്തങ്ങൾ ആയുർവേദം മുൻപ് പറഞ്ഞ് വച്ച അറിവുകളുടെ പരിപ്രേക്ഷ്യമാണ്. അതിനാൽ തന്നെ വ്യക്തികളുടെയും സമൂഹത്തിന്റെ ആരോഗ്യത്തിന്റെ പരിരക്ഷ ആയുർവേദത്തിൽ സുരക്ഷിതമാണ്. ■